**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1301** **01-02-2024 - ൽ മറുപടിയ്ക്ക്**

**നായരമ്പലം ഹെർബർട്ട് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ ധന സഹായത്തോടെയുള്ള നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെയുള്ള പ്രവൃത്തിയായ നായരമ്പലം ഹെർബർട്ട് പാലം നിർമ്മാണത്തിന് 31.10.2016 തീയതിയിലെ സ.ഉ(സാധാ)നം.1496/2016/ പൊ.മ.വ. പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതിയും, 11.02.2020 തീയതിയിൽ 10.40 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന് വേണ്ടി എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ നായരമ്പലം വില്ലേജിൽ ഉൾപ്പെട്ട 6.48ആർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ അതിരടയാള നിയമപ്രകാരമുള്ള 6(1) വിജ്ഞാപനം 17.06.2022 തീയതിയിൽ പ്രസിദ്ധീകരിക്കുകയും, ആനുഷാംഗിക ചാർജ്ജ് ആയ 1 ലക്ഷം രൂപ 02.09.2022 തീയതിയിൽ എറണാകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) യ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. കൂടാതെ 4(1) വിജ്ഞാപനം 14.11.2022 തീയതി വാല്യം II നമ്പർ 3829 പ്രകാരം പ്രസിദ്ധീകരിക്കുകയും, 22.12.2022 തീയതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഹിയറിംഗ് നടത്തുകയും 16.02.2023 തീയതിയിൽ വിദഗ്ധ സമിതി യോഗം കൂടുകയും ചെയ്തിട്ടുണ്ട്. നായരമ്പലം-ഹെർബർട്ട് പാലം നിർമ്മാണ പ്രവൃത്തി നിലവിൽ സ്ഥലം ഏറ്റെടുക്കൽ ഘട്ടത്തിലാണ്. 20.10.2023-ൽ 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ പ്രവൃത്തിയ്ക്കായി CRZ ക്ലിയറൻസും, wet land ക്ലിയറൻസും, ലഭിക്കേണ്ടതായുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. LARR ആക്ട് 2013 പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ച ശേഷം മാത്രമേ സാങ്കേതിക എസ്റ്റിമേറ്റ് സമർപ്പിക്കുന്ന തടക്കമുള്ള നടപടികളിലേക്ക് കടക്കുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പാലത്തിനായുള്ള 6.48 ആർ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പാലത്തിനായുള്ള സ്ഥല മേറ്റെടുക്കൽ പൂർത്തീകരിച്ചിട്ടില്ല. 20.10.2023-ൽ 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തികരിച്ച് പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയായാൽ എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ